STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.360/PR/SPMC/PHQ/2025 Date:01.11.2025

# കേരള പിറവി ദിനത്തിൽ സേനയ്ക്ക് കരുത്തായി 408 പേർ കൂടി കർമ്മപഥത്തിലേയ്ക്ക്

കേരള പിറവി ദിനത്തിൽ തിരുവനന്തപുരം പേരൂർക്കട എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടന്ന പാസിംഗ് ഔട്ട് പരേഡിൽ 408 പുതിയ അംഗങ്ങൾ കൂടി കേരള പോലീസിന്റെ ഭാഗമായി. ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു.

സർവ്വീസ് കാലഘട്ടത്തിൽ മികച്ച സേവനം കാഴ്ചവെച്ച പോലീസ്, ഫോറസ്റ്റ് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർക്ക് മുഖ്യമന്ത്രിയുടെ മെഡലുകൾ അദ്ദേഹം സമ്മാനിച്ചു.

ആധുനിക കാലഘട്ടത്തിലെ പോലീസിംഗ് നിരവധി സങ്കീർണ്ണതകൾ നിറഞ്ഞതാണെന്ന് പരേഡിനെ അഭിസംബോധന ചെയ്തു സംസാരിച്ച സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ പറഞ്ഞു. മയക്കുമരുന്നുകൾ മുതൽ സൈബർ ക്രൈമുകൾ വരെ കൈകാര്യം ചെയ്യാൻ ആധുനിക യുഗത്തിലെ സേനാംഗങ്ങൾ പര്യാപ്തരായിരിക്കണം എന്നദ്ദേഹം പുതിയ സേനാംഗങ്ങളെ ഓർമിപ്പിച്ചു. സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ, കേരള ആംഡ് പോലീസ് ഒന്ന്, മൂന്ന് ബറ്റാലിയനുകൾ എന്നിവിടങ്ങളിൽ പരിശീലനം പൂർത്തിയാക്കിയ 408 റിക്രൂട്ട് സേനാംഗങ്ങളാണ് പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തത്.

സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ 125 റിക്രൂട്ട് സേനാംഗങ്ങളും കേരള ആംഡ് പോലീസ് ഒന്ന്, മൂന്ന്

ബറ്റാലിയനുകളിൽ നിന്നായി യഥാക്രമം 78, 205 റിക്രൂട്ട് സേനാംഗ ങ്ങളുമാണ് പരേഡിൽ പങ്കെടുത്തത്.

ഓസ്റ്റിൻ എസ് നയിച്ച പരേഡിന്റെ സെക്കൻഡ് ഇൻ കമാൻഡ് കൃഷ്ണ സുനിൽ ആയിരുന്നു. ചടങ്ങിൽ പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് സംസ്ഥാന പോലീസ് മേധാവി പുരസ്കാരം വിതരണം ചെയ്തു.

എസ്.എ.പി ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെര ഞ്ഞെടുക്കപ്പെട്ടത് ഷിജിൻ എസ് ആണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി മിഥുൻ എം.പി തെരഞ്ഞെടുക്കപ്പെട്ടു. മികച്ച ഷൂട്ടറായി തെരഞ്ഞെടുത്ത ശിവശങ്കർ എച്ച് ആർ തന്നെയാണ് മികച്ച ആൾ റൗണ്ടറും.

കെ.എ.പി ഒന്നാം ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെര ഞ്ഞെടുക്കപ്പെട്ടത് ഭരത് പി.ആർ ആണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി അക്ഷയ് കുമാർ കെ.എസ് തെരഞ്ഞെടുക്കപ്പെട്ടു. ഷെഹിൻ എൻ ആണ് മികച്ച ഷൂട്ടർ. മികച്ച ആൾ റൗണ്ടറായി ഓസ്റ്റിൻ എസ് നേയും തെരഞ്ഞെ ടുത്തു.

കെ.എ.പി മൂന്നാം ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെര ഞ്ഞെടുക്കപ്പെട്ടത് നീൽ ഗിരീഷാണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി വിഷ്ണു എച്ച്.ജെ തെരഞ്ഞെടുക്കപ്പെട്ടു. ബാലു എസ് ആണ് മികച്ച ഷൂട്ടർ. അഖിലേഷ് എ മികച്ച ആൾ റൗണ്ടറായും തെരഞ്ഞെടുക്കപ്പെട്ടു.

ഒൻപതുമാസത്തെ അടിസ്ഥാന പരിശീലനത്തിന്റെ ഭാഗമായി ഇവർക്ക് ശാരീരിക ക്ഷമതയും മനക്കരുത്തും വർധിപ്പിക്കുന്ന ഔട്ട്ഡോർ പാഠങ്ങ ളാണ് പകർന്നു നൽകിയത്. ഔട്ട്ഡോർ വിഭാഗത്തിൽ ശാരീരിക ക്ഷമത പരിശീലനം, ആയുധ പരിശീലനം, കരാട്ടേ, യോഗ, നീന്തൽ, വിവിധ സെൽഫ് ഡിഫൻസ് പരിശീലനങ്ങൾ, ഫയറിംഗ് എന്നിവയിൽ പരിശീലനം ലഭിക്കുകയുണ്ടായി.

ഇൻഡോർ വിഭാഗത്തിൽ ഇന്ത്യൻ ഭരണഘടന, ഭാരതീയ ന്യായ സൻഹിത, മോട്ടോർ വെഹിക്കിൾ ആക്റ്റ്, വി.ഐ.പി ബന്തവസ്സ്, ടെലി

കമ്മ്യൂണിക്കേഷൻ, സോഷ്യൽ മീഡിയ, സൈബർ കുറ്റകൃത്യങ്ങൾ, വ്യക്തിത്വ വികസനം തുടങ്ങിയ വിഷയങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്.

ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്തോടെ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനായി ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ, പീനോളജി, വിക്ടിമോളജി, സൈബർ ഫോറൻസിക് എന്നീ വിഷയങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്.

സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ജെൻഡർ ന്യൂട്രൽസ് തുടങ്ങിയവരോടുള്ള പെരുമാറ്റം, പരിസ്ഥിതിക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയൽ തുടങ്ങിയവ പോലീസിന്റെ മാനവിക മുഖത്തിന്റെ സാക്ഷ്യം കൂടിയാണ്.

സർക്കാർ വിഭാവനം ചെയ്യുന്ന തരത്തിലുള്ള നവകേരള സൃഷ്ടിക്കായി പോലീസിന്റെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനും പോലീസിന്റെ ആപ്തവാക്യമായ "മൃദു ഭാവേ ദൃഢ കൃത്യേ" അന്വർത്ഥമാക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പരിശീലനമാണ് പരിശീലന കാലയളവിൽ നൽകിയിട്ടുള്ളത്.

എസ്.എ.പി ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയവരിൽ എം.ടെക്ക്, എം.എസ്.സി, മറ്റ് ബിരുദാനന്തര ബിരുദയോഗ്യതയുള്ള 11 പേരും ബി.ടെക്ക് യോഗ്യതയുള്ള 15 പേരും വിവിധ വിഷയങ്ങളിൽ ബിരുദം നേടിയ 63 പരും ഡിപ്ലോമ, പ്ലസ്ടു, ഐ.ടി.ഐ യോഗ്യതയുള്ള 36 പേരുമാണുള്ളത്.

കെ.എ.പി ഒന്നാം ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയവരിൽ എം.എസ്.സി, മറ്റ് ബിരുദാനന്തര ബിരുദയോഗ്യതയുള്ള 8 പേരും ബി.ടെക്ക് യോഗ്യതയുള്ള 10 പേരും വിവിധ വിഷയങ്ങളിൽ ബിരുദം നേടിയ 25 പരും ഡിപ്ലോമ, പ്ലസ്ടു, ഐ.ടി.ഐ യോഗ്യതയുള്ള 30 പേരുമാണുള്ളത്.

കെ.എ.പി മൂന്നാം ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയവരിൽ വിവിധ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദയോഗ്യതയുള്ള 16 പേരും ബി. ടെക്ക് യോഗ്യതയുള്ള 12 പേരും വിവിധ വിഷയങ്ങളിൽ ബിരുദം നേടിയ 114 പരും ഡിപ്ലോമ, പ്ലസ്ടു, ഐ.ടി.ഐ യോഗ്യതയുള്ള 63 പേരുമാണുള്ളത്.

ഡി.ജി.പി മനോജ് എബ്രഹാം, എ.ഡി.ജി.പി മാരായ എസ്.ശ്രീജിത്ത്, എച്ച് വെങ്കടേഷ്, പി. വിജയൻ, ഐ.ജി ഗുഗുലോത്ത് ലക്ഷ്മൺ, ഡി.ഐ.ജിമാരായ എസ്. അജിത ബീഗം, തോംസൺ ജോസ് മറ്റ് ഉന്നത പോലീസുദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പരിശീലനാർത്ഥികളുടെ ബന്ധുക്കൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

**********************




PASSING OUT PARADE NOV 2025





